# 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2015

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും

1134/2015.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| 1. | ഘടന | .. | v |
| 2. | റിപ്പോർട്ട് | .. | vii |
| 3. | വിയോജനക്കുറിപ്പ് | .. | ix |
| 4. | സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ | .. | 1 |

# സബ്ജക്ട് കമ്മിറ്റി VI (2013-2016)

## (വിദ്യാഭ്യാസം)

### ഘടന

<u>ചെയർമാൻ</u> :

ശ്രീ. പി. കെ. അബ്ദു റബ്ബ്,
വിദ്യാഭ്യാസ വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗം</u> :

ശ്രീ. കെ. സി. ജോസഫ്,
ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി.

<u>അംഗങ്ങൾ</u> :

ശ്രീ. എം. എ. ബേബി

" ഇ. ചന്ദ്രശേഖരൻ

ഡോ. കെ. ടി. ജലീൽ

" എൻ. ജയരാജ്

ശ്രീ. ജോസഫ് വാഴയ്ക്കൻ

" റ്റി. വി. രാജേഷ്

" ഷാഫി പറമ്പിൽ

" എം. ഉമ്മർ

" പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

" തോമസ് ചെട്ടുപറമ്പിൽ, ജോയിന്റ് സെക്രട്ടറി

" സന്തോഷ്, വി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ജ്യോതി, എൽ., അണ്ടർ സെക്രട്ടറി.

# 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

## [സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്]

വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്കായി അയച്ച 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ (ബിൽ നമ്പർ 370), സബ്ജക്ട് കമ്മിറ്റി VI പരിഗണിച്ചതനുസരിച്ചുള്ള സമിതിയുടെ റിപ്പോർട്ടും അതിനോടനുബന്ധമായി ചേർത്തിട്ടുള്ള കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

2. 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ 2015 നവംബർ 19-ാം തീയതി ഒരു അസാധാരണ ഗസറ്റായി പ്രസിദ്ധീകരിച്ചു. ഈ ബിൽ 2015 നവംബർ 30-ാം തീയതി സഭയിൽ അവതരിപ്പിക്കുകയും അന്നേ ദിവസം തന്നെ സഭ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

3. 2015 ഡിസംബർ 1-ാം തീയതി സഭാ സമ്മേളനത്തിനുശേഷം സമിതി യോഗം ചേർന്ന് പ്രസ്തുത ബിൽ ഖണ്ഡം ഖണ്ഡമായി പരിഗണിക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു:

<u>ഖണ്ഡം 2</u>

ഉപഖണ്ഡം (എ)-യിൽ

(i) നിലവിലുള്ള ഇനം (ix) ഇനം (xi) ആയും, ഇനം (xi) ഇനം (ix) ആയും പുനഃക്രമീകരിക്കുക.

(ii) അപ്രകാരം പുനഃക്രമീകരിച്ച ഇനം (ix)-ൽ '2011-ലെ കേരള വെറ്ററിനറിയും' എന്നീ അക്കങ്ങൾക്കും വാക്കുകൾക്കും പകരം '2010-ലെ കേരള വെറ്ററിനറിയും' എന്നീ അക്കങ്ങളും വാക്കുകളും ചേർക്കുക.

4. മറ്റ് ഭേദഗതികൾ ആനുഷംഗികമോ ഘടനാപരമോ ആണ്.

5. വിയോജനക്കുറിപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.

പി. കെ. അബ്ദു റബ്ബ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി VI.*

തിരുവനന്തപുരം,
2015 ഡിസംബർ 1.

# വിയോജനക്കുറിപ്പ്

സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അനദ്ധ്യാപക നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനെ സ്വാഗതം ചെയ്യുമ്പോഴും ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പ് പ്രകടിപ്പിച്ച ഇച്ഛാശക്തിയില്ലായ്മ പരിശോധിക്കേണ്ടിയിരിക്കുന്നു. സർവ്വകലാശാലകളിലെ അനദ്ധ്യാപക തസ്തികകളിലെ നിയമനം 2010-ൽ തന്നെ പി.എസ്.സി.ക്കു വിട്ടുകൊണ്ട് അന്നത്തെ സർക്കാർ ഉത്തരവിറക്കിയിരുന്നതാണ്. അഞ്ചുവർഷമായിട്ടും അത് പ്രാവർത്തികമാക്കാൻ ഈ സർക്കാർ അറച്ചുനിന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമല്ല. ഏതായിരുന്നാലും നിയമനിർമ്മാണം നടത്തി ചട്ടം രൂപീകരിച്ച് അനദ്ധ്യാപക നിയമനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് പി.എസ്.സി.ക്ക് വിടേണ്ടതില്ലെന്ന് ഈ സർക്കാർ നിശ്ചയിച്ചിരുന്നെന്ന് വ്യക്തമാണ്. നിരവധി വർഷങ്ങളായി സർവ്വകലാശാലകളിൽ കരാർ ജീവനക്കാരെന്ന പേരിൽ ഇഷ്ടക്കാരെ തിരുകി കയറ്റുകയാണ്. ഉദാഹരണമായി കേരള സർവ്വകലാശാലയിൽ നിലവിൽ സ്ഥിരം ജീവനക്കാരെക്കാൾ കൂടുതൽ കരാർ ജീവനക്കാരുണ്ട്. അവരിൽ ചിലരെ സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാർ കത്തു നൽകിയത് മാധ്യമങ്ങളിലൂടെ പുറത്തുവന്നിട്ടുണ്ട്. അതുപോലെ പ്രമുഖ ഭരണകക്ഷിയിൽപ്പെട്ട രണ്ടംഗങ്ങളുടെ നേതൃത്വത്തിൽ, അതിലൊരാൾ ഈ സമിതിയിലെ അംഗവുമാണ്, കേരള സർവ്വകലാശാലയിലെ 1200-ൽ പരം വരുന്ന കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന ആവശ്യവും ഉയർത്തിയിട്ടുണ്ട്. പിൻവാതിൽ നിയമനം സുഗമമാക്കാനായിരുന്നു കാലവിളംബം ഉണ്ടാക്കിയതെന്ന് കരുതേണ്ടിയിരിക്കുന്നു.

ബില്ലിന്റെ ഉദ്ദേശ്യകാരണങ്ങളിൽ അക്കാദമിക മികവിനായി സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനായാണ് ഈ നിയമനിർമ്മാണമെന്ന് അവകാശപ്പെടുന്നു. ഇതാണ് ലക്ഷ്യമിടുന്നതെങ്കിൽ സർക്കാർ, എയിഡഡ് മേഖലകളിലെ അദ്ധ്യാപക നിയമനം പി.എസ്.സി.ക്ക് വിടേണ്ടതല്ലേയെന്ന സംശയം നിലനില്ക്കുന്നു. സ്വകാര്യ സർവ്വകലാശാല രൂപീകരണത്തിനായി സർക്കാർ തീവ്രമായ താല്പര്യം കാണിക്കുന്നതിൽ നിന്നും പ്രത്യേക വിദ്യാഭ്യാസ മേഖല രൂപീകരിച്ച് പൊതുവിദ്യാഭ്യാസം സാധാരണക്കാർക്ക് അപ്രാപ്യമാക്കുന്നതിൽ നിന്നും പിന്തിരിയണം. സർവ്വകലാശാലയുടെ തലപ്പത്തു നിന്ന് അയോഗ്യരെയും, രാഷ്ട്രീയ വിധേയത്വം മാത്രമാണ് തന്റെ യോഗ്യതയെന്ന് പരസ്യമായി പ്രഖ്യാപിച്ചവരെയും, ജാതിമത പരിഗണനകൊണ്ട് മാത്രം നിയമിച്ചവരെയും പുറത്താക്കി അക്കാദമിക കതിപ്പിന് നേതൃത്വം നൽകണം. പരീക്ഷ ഔട്ട്സോഴ്സ് ചെയ്യുന്ന വാണിജ്യ സമ്പ്രദായം അടിയന്തരമായി തിരുത്തണം. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സംവരണം അവസാനിപ്പിക്കണമെന്ന ഭരണഘടനാ വിരുദ്ധമായ സുപ്രീം കോടതി ഉത്തരവിനെതിരെയും കേന്ദ്രസർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന വിദ്യാഭ്യാസ പരിഷ്കരണത്തെക്കുറിച്ചും ഉറച്ച നിലപാട് സ്വീകരിക്കാൻ തയ്യാറാകണം. ഇത്തരം ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടാൻ മാത്രം കൊണ്ടുവന്ന ഈ ബില്ലിനോട് വിയോജിക്കുന്നു.

ഡോ. കെ. ടി. ജലീൽ (ഒപ്പ്)

ഇ. ചന്ദ്രശേഖരൻ (ഒപ്പ്)

1134/2015.

# 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ബിൽ

(സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ളത്)

[അടിവരയിട്ടതും വശത്തുവരച്ചതും സബ്ജക്ട് കമ്മിറ്റി നിർദ്ദേശിച്ച ഭേദഗതികളെ സൂചിപ്പിക്കുന്നു.]

## സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

## ഒരു

## ബിൽ

പീഠിക.—സർവ്വകലാശാലകളുടെ കീഴിലുള്ള സർവ്വീസുകൾ സംബന്ധിച്ച് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചില കൂടുതൽ ചുമതലകൾ നിർവ്വഹിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2015 സെപ്റ്റംബർ 29-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ, സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർവ്വകലാശാല" എന്നാൽ,—

(i) 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിന്റെ (1971-ലെ 33) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള കാർഷിക സർവ്വകലാശാല ; അല്ലെങ്കിൽ

(ii) 1974-ലെ കേരള സർവ്വകലാശാല ആക്റ്റിന്റെ (1974-ലെ 17) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള സർവ്വകലാശാല; അല്ലെങ്കിൽ

(iii) 1975-ലെ കോഴിക്കോട് സർവ്വകലാശാല ആക്റ്റിന്റെ (1975-ലെ 5) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കോഴിക്കോട് സർവ്വകലാശാല; അല്ലെങ്കിൽ

(iv) 1985-ലെ മഹാത്മാ ഗാന്ധി സർവ്വകലാശാല ആക്റ്റിന്റെ (1985-ലെ 12) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട മഹാത്മാ ഗാന്ധി സർവ്വകലാശാല; അല്ലെങ്കിൽ

(v) 1986-ലെ കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (1986-ലെ 31) 4-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കൊച്ചി ശാസ്ത്ര-സാങ്കേതികശാസ്ത്ര സർവ്വകലാശാല; അല്ലെങ്കിൽ

(vi) 1994-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റിന്റെ (1994-ലെ 5) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല; അല്ലെങ്കിൽ

(vii) 1996-ലെ കണ്ണൂർ സർവ്വകലാശാല ആക്റ്റിന്റെ (1996-ലെ 22) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കണ്ണൂർ സർവ്വകലാശാല; അല്ലെങ്കിൽ

(viii) 2005-ലെ ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല ആക്റ്റിന്റെ (2005-ലെ 27) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട ഉയർന്ന നിയമ പഠനത്തിനുള്ള ദേശീയ സർവ്വകലാശാല; അല്ലെങ്കിൽ

(ix) 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 3) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല; അല്ലെങ്കിൽ

(x) 2010-ലെ കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 4) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല; അല്ലെങ്കിൽ

(xi) 2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്റ്റിന്റെ (2011-ലെ 5) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല; അല്ലെങ്കിൽ

(xii) 2013-ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല ആക്റ്റിന്റെ (2013-ലെ 24) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവ്വകലാശാല; അല്ലെങ്കിൽ

(xiii) 2015-ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ആക്റ്റിന്റെ (2015-ലെ 17) 3-ാം വകുപ്പിൻ കീഴിൽ സ്ഥാപിക്കപ്പെട്ട എ. പി. ജെ. അബ്ദുൾ കലാം സാങ്കേതികശാസ്ത്ര സർവ്വകലാശാല;

എന്നർത്ഥമാകുന്നു;

(ബി) "പബ്ലിക് സർവ്വീസ് കമ്മീഷൻ" എന്നാൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നർത്ഥമാകുന്നു;

(സി) "അനദ്ധ്യാപക തസ്തിക" എന്നാൽ ബന്ധപ്പെട്ട സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരമുള്ള അനദ്ധ്യാപക തസ്തിക എന്നർത്ഥമാകുന്നു.

3. <u>പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലകൾ.</u>—(1) 2-ാം വകുപ്പിന്റെ (എ) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള സർവ്വകലാശാലാ ആക്റ്റുകളിലും അവയ്ക്കു കീഴിൽ ഉണ്ടാക്കിയിട്ടുള്ള സ്റ്റാറ്റ്യൂട്ടുകളിലും ഓർഡിനൻസുകളിലും റെഗുലേഷനുകളിലും ചട്ടങ്ങളിലും എന്തുതന്നെ അടങ്ങിയിരുന്നാലും ഒരു സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം വഴി ജീവനക്കാരെ നിയമിക്കുന്നതിനുള്ള സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുന്നത് പബ്ലിക് സർവ്വീസ് കമ്മീഷന്റെ ചുമതലയായിരിക്കുന്നതാണ്.

(2) ഒരു സർവ്വകലാശാല, പബ്ലിക് സർവ്വീസ് കമ്മീഷനുമായി,—

(എ) സർവ്വകലാശാലയിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനക്രമവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും;

(ബി) സർവ്വകലാശാലയിലെ അനദ്ധ്യാപക തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനംവഴി നിയമനം നടത്തുന്നതിന് പാലിക്കേണ്ട തത്വങ്ങളിന്മേലും അങ്ങനെയുള്ള നിയമനങ്ങളിലേക്കുള്ള ഉദ്യോഗാർത്ഥികളുടെ അനുയോജ്യത സംബന്ധിച്ചും;

കൂടിയാലോചിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം ഒരു കാര്യം പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കപ്പെടുന്ന സംഗതിയിൽ കമ്മീഷൻ ആ കാര്യത്തിൽ സർവ്വകലാശാലയ്ക്ക് ഉപദേശം നൽകേണ്ടതാണ്.

(4) പബ്ലിക് സർവ്വീസ് കമ്മീഷനും സർവ്വകലാശാലയും തമ്മിൽ (2)-ാം ഉപവകുപ്പ് പ്രകാരമുള്ള ഒരു കാര്യത്തിൽ എന്തെങ്കിലും അഭിപ്രായ വ്യത്യാസമുണ്ടാകുന്നപക്ഷം സർവ്വകലാശാല ആ കാര്യം സർക്കാരിലേക്ക് റഫർ ചെയ്യേണ്ടതും അതിന്മേലുള്ള സർക്കാരിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്:

എന്നാൽ, സർക്കാർ, പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശത്തിനെതിരായി ഒരു തീരുമാനമെടുക്കുന്നതിനുമുൻപ് ആ കാര്യം പബ്ലിക് സർവ്വീസ് കമ്മീഷന് റഫർ ചെയ്യേണ്ടതാണ്.

4. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഈ ആക്റ്റിന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നതിലേക്കായി, പബ്ലിക് സർവ്വീസ് കമ്മീഷനുമായും സർവ്വകലാശാലയുമായും കൂടിയാലോചിച്ച്, ഗസറ്റ് വിജ്ഞാപനം വഴി, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും, മേൽപ്പറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും, അങ്ങനെയുള്ള ചട്ടങ്ങളിൽ,—

(എ) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്നതിന് സർവ്വകലാശാല അനുവർത്തിക്കേണ്ട നടപടിക്രമം;

(ബി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കുന്ന ഉദ്ദേശ്യത്തിന് ആനുഷംഗികമോ ആവശ്യമോ ആയ ഏതെങ്കിലും കാര്യം;

(സി) പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൂടിയാലോചിക്കേണ്ടതില്ലാത്ത ഏതെങ്കിലും കാര്യം;

എന്നിവ വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) ഈ ആക്റ്റിൻ കീഴിലുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ തുടർച്ചയായി രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ആ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അങ്ങനെ രൂപഭേദം വരുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്ത ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

5. റദ്ദാക്കലും ഒഴിവാക്കലും.—(1) 2015-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (സർവ്വകലാശാലകളെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ഓർഡിനൻസ് (2015-ലെ 14) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,<br>
തിരുവനന്തപുരം,<br>
2015 ഡിസംബർ 1.

പി. ഡി. ശാരംഗധരൻ,<br>
*സെക്രട്ടറി.*